## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.914 11.03.2015-ൽ മറുപടിക്ക്**

### ബാലുശ്ശേരി, പേരാമ്പ്ര മണ്ഡലങ്ങളിലെ ജലവിതരണം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി : | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പെരുവണ്ണാമുഴി റിസർ -വ്വോയറിലെ അധികജലം വിനിയോഗിച്ച് ബാലുശ്ശേരി, പേരാമ്പ്ര മണ്ഡലങ്ങളിലെ ഗ്രാമപഞ്ചായത്തുകളിൽ ജലവിതരണത്തിനായി വാട്ടർ അതോറിറ്റി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | പെരുവണ്ണാമുഴി റിസർ വ്വോയറിലെ ജലം ഉപയോഗിച്ച് പേരാമ്പ്രയ്ക്കും സമീപമുള്ള മറ്റ് 18 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ സർ വ്വേ നടന്നു വരുന്നു. |
| (ബി) | ഇതിനുവേണ്ടി പഞ്ചായത്ത് കേന്ദ്രങ്ങളിൽ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | പഞ്ചായത്തുകളിൽ ആവശ്യമായ ജലസംഭരണികൾ നിർമ്മിക്കുവാനുള്ള സ്ഥലം ബന്ധപ്പെട്ട പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. ഇതിനായി 12.02.2015 ന് ബഹു. പേരാമ്പ്ര എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ മണ്ഡലത്തിലെ പഞ്ചായത്ത് അധികൃതരുടെ യോഗം ചേരുകയും ആവശ്യമായ സ്ഥലം കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10.02.2015 ന് ബഹു.ബാലുശ്ശേരി എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ബാലുശ്ശേരി മണ്ഡലത്തിലെ പഞ്ചായത്ത് അധികൃതരുടെ യോഗം ചേരുകയും ആവശ്യമായ സ്ഥലം വാട്ടർ |

അതോറിറ്റിക്ക് കൈമാറണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| സി) | കെ. ഡബ്ല്യൂ. എ. നിർദ്ദേശിച്ച സ്ഥലത്ത് തന്നെ ഭൂമി ലഭ്യമാക്കണമെന്നതിനാൽ ഇതു സംബന്ധിച്ച അക്വിസിഷൻ നടപടികൾ ലളിതമാക്കാൻ നിർദ്ദേശങ്ങൾ നൽകുമോ എന്ന് വ്യക്തമാക്കാമോ; | സി യും ഡി യും ആവശ്യമായ ഭൂമി ബന്ധപ്പെട്ട പഞ്ചായത്തുകൾ ലഭ്യമാക്കേണ്ടതാണ്. |
| ഡി) | സ്ഥലം വാങ്ങുന്നതിന് പഞ്ചായത്തുകൾക്ക് കെ. എൽ. ജി. എസ്.ഡി. പി. പോലുള്ള പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ